പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3285 — 21.08.2017 ൽ മറുപടിക്ക്

# ജലഗതാഗത സംവിധാനം പ്രയോജനപ്പെടുത്തുവാൻ കർമ്മപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, അടൂർ പ്രകാശ്<br>,, വി.പി.സജീന്ദ്രൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ജലഗതാഗത സംവിധാനത്തെ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കുമോ; | (എ) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നിലവിൽ നടത്തി വരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിന് വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു വരുന്നു. ജലഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവ, നിലവിൽ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികളാണ്. |
| (ബി) ഇതിനായി ഏതെല്ലാം പുതിയ സർവ്വീസുകളും എന്തെല്ലാം പ്രവർത്തനങ്ങളുമാണ് നടപ്പിൽ വരുത്തിയത്; വിശദമാക്കുമോ; | (ബി) മെച്ചപ്പെട്ട സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകളാക്കി പുനർവിന്യസിച്ച് വരുന്നു. ഇത്തരത്തിൽ 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. പുതുതായി 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക ബോട്ടുകളാക്കി മാറ്റുന്നതിന് ജി.ഒ.(ആർ.റ്റി) നം.450/2016/ഗതാ. തീയതി 29.11.2016 പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിനെ തുടർന്ന് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ-കുട്ടനാട് എന്നിങ്ങനെ മൂന്ന് ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് |

വിജയകരമായി നടത്തി വരുന്നു. ഇതിനു പുറമേ പുതുതായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും, ഇതിലേക്കായി ബോട്ടുകൾ നിർമ്മിച്ച് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈറ്റില-കാക്കനാട്, എറണാകുളം-വരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി ആരംഭിച്ച വകുപ്പ് സർവ്വീസുകൾ കാര്യക്ഷമമായി നടത്തി വരുന്നു. ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുക വഴി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ വകുപ്പിനു വേണ്ടി നിർമ്മാണം പൂർത്തിയായി പ്രവർത്തിച്ചു വരുന്ന ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവ പ്രയോജനപ്പെടുത്തി കാര്യക്ഷമമായി ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനും, സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക സുരക്ഷാ ഉപകരണങ്ങൾ വകുപ്പ് വക ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെയും, ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി പുതുതായി ഒരു സോളാർ ബോട്ട് വകുപ്പിന് വേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ വീഡിയോ സ്ക്രീൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (സി) | ജലഗതാഗത സംവിധാനം പ്രയോജനപ്പെടുത്തി, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ -കുട്ടനാട് , ആലപ്പുഴ-കൊല്ലം, കൊല്ലം- ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമേ വൈക്കം – എറണാകുളം , കുമരകം –കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട |

സേവനം ജനങ്ങൾക്ക് നല്കിവരുന്നു. കൊല്ലം മേഖലയിൽ സീ- അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ്, ആലപ്പുഴ മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് സർവ്വീസ്, മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസ് എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ